"ഭരണഭാഷ-മാതൃഭാഷ"

## വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/065/13.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 05-01-13.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- മികവിന്റെ കേന്ദ്രം - ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് - അഗസ്റ്റ്/സെപ്റ്റംബർ 2012 - റീക്കൗണ്ടിംഗിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച് .

***********

2012 അഗസ്റ്റ്/സെപ്റ്റംബർ മാസം നടന്ന മികവിന്റെ കേന്ദ്രം അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്തു പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീക്കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേക്കായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.) പൂരിപ്പിച്ച അപേക്ഷ ഒറിജിനൽ ചെലാൻ രസീത് സഹിതം 20-01-13 നു മുൻപ് ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്), ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ 24-01-13 3 pm ന് മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. തോറ്റ വിഷയത്തിന് ഒരോ മൊഡ്യൂളിനും 10/- രൂപയും, വിജയിച്ച വിഷയത്തിന് 25/- രൂപയുമാണ് റീക്കൗണ്ടിംഗിനുവേണ്ടി " 0230-എൽ&ഇ-00-800-അദർ രസീപ്റ്റ്സ്-88-അദർ ഐറ്റംസ് " എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടത്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ രസീത് ഉൾക്കൊള്ളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും റീക്കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീക്കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൾട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീക്കൗണ്ടിംഗ് റിസൾട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ഫെബ്രുവരി/മാർച്ച് 2013 ൽ നടക്കുന്ന അഖിലേന്ത്യ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് (സി.ഒ.ഇ) അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പകർപ്പ്:

സി.ഒ.ഇ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്.

എസ്.ആർ.07.01.13.

11/1/13.